കോളേജ് വിദ്യാർത്ഥിയുടെ പുറത്ത് കത്തികൊണ്ട് വരച്ച സംഭവം

128 (129) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമേൽ എൻ. എസ്. എസ്. കോളേജ് വിദ്യാർത്ഥിയും കോളേജ് യൂണിയൻ ജനറൽ സെക്രട്ടറിയുമായ നിഷാന്തിന്റെ പുറത്ത് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽവച്ച് കത്തികൊണ്ട് ചാപ്പ കുത്തിയതാരാണെന്ന് തിരിച്ചറിഞ്ഞുവോ ;

(ബി) എങ്കിൽ അവർ ആരെല്ലാമാണ് ; അവർക്ക് ജാമ്യം നൽകിയത് ആരെല്ലാമാണ് ;

(സി) നിഷാന്തിനെ ചാപ്പ കുത്തിയവർ ജാമ്യമെടുക്കുന്നതിനായി വ്യാജമേൽവിലാസം നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) അതിനുശേഷം അവർ കോടതിയിൽ ഹാജരാകാതിരുന്നിട്ടുണ്ടോ;

(ഇ) എങ്കിൽ അവരെ പിടിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തു ;

(എഫ്) ഈ കേസിന്റെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് പറയുമോ ?

ഉത്തരം

(എ&ബി) എട്ടു പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കോടതി ജാമ്യം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

(ഡി&ഇ) കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(എഫ്) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണാവസ്ഥയിലാണ്.

പ്രശാന്തിനെ കാണാതായ സംഭവം

129 (130) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം പുളിങ്കുടി പോലീസ് ട്രെയിനിംഗ് ക്യാമ്പിലെ കെ.എ.പി. 3-ാം ബറ്റാലിയനിൽപ്പെട്ട സംസ്ഥാന ദ്രുത കർമ്മസേനയിലെ അംഗം പ്രശാന്തിനെ കോവളത്ത് വച്ച് കാണാതായത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസെടുത്തിട്ടുണ്ടോ ; വിശദ വിവരം വെളിപ്പെടുത്തുമോ ;

(സി) കടലിൽ വീണ് കാണാതായി എന്ന് സംശയിക്കുന്ന പ്രശാന്തിന്റെ മൃതദേഹം കണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly